# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ സെപ്റ്റംബർ 2021

ലക്കം : 09-2021

## കനറാ ഡെബിറ്റ് കാർഡ്

## യൂസർ ഗൈഡ്, നിബന്ധനകളും വ്യവസ്ഥകളും

അർഹരായ എല്ലാ അക്കൗണ്ട്ധാരകർക്കും അവരുടെ അപേക്ഷയിന്മേൽ കനറാ ബാങ്ക് ഡെബിറ്റ് കാർഡ് നൽകുന്നതാണ്. കനറാ ബാങ്ക് ഡെബിറ്റ് കാർഡ് ഉപയോഗിച്ച് എടിഎമ്മിൽ നിന്ന് പണം പിൻവലിക്കുന്നതിനും, പോയ്ന്റ് ഓഫ് സേൽസ്, ഇന്റർനെറ്റ് എന്നിവ വഴിയായുള്ള പർച്ചേസുകളുടെ പെയ്മെന്റ് ചെയ്യുന്നതിനും സൗകര്യം ലഭ്യമാണ്.

വിവിധ തരത്തിലുള്ള ഇടപാടുകാരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി കനറാ ബാങ്ക് ഡെബിറ്റ് കാർഡിന്റെ താഴെപ്പറയുന്ന രൂപാന്തരങ്ങൾ ഇഷ്യൂ ചെയ്യപ്പെടുന്നു:

1. **കനറാ ബാങ്ക് ഡെബിറ്റ് കാർഡ് – പെഴ്സണലൈസ്ഡ് :** കനറാ ബാങ്കിൽ സേവിംഗ്സ് ബാങ്ക്, കറന്റ് അക്കൗണ്ട്, ഓവർഡ്രാഫ്റ്റ് അക്കൗണ്ടുകൾ എന്നിവ തുറക്കുന്ന സാമാന്യ ഇടപാടുകാർക്ക് ഈ കാർഡ് നൽകുന്നതായിരിക്കും. കാർഡിൽ കാർഡ് ധാരകന്റെ പേര് ആലേഖനം ചെയ്തിരിക്കും.

2. **കനറാ ബാങ്ക് ഡെബിറ്റ് കാർഡ് – നോൺ പെഴ്സണലൈസ്ഡ് :** പെട്ടെന്നു തന്നെ കാർഡ് ഉപയോഗിച്ചു തുടങ്ങാനുള്ള സൗകര്യത്തിനായി അക്കൗണ്ട് തുറക്കുന്ന സമയത്തു തന്നെ കാർഡ്ധാരകന് ഈ കാർഡ് നൽകുന്നതായിരിക്കും. ഈ ജനറിക് കാർഡിൽ കാർഡ്ധാരകന്റെ പേര് ആലേഖനം ചെയ്തിരിക്കില്ല.

3. **കനറാ കിസാൻ ഡെബിറ്റ് കാർഡ്:** കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ വായ്പയെടുക്കുന്നവർക്ക് നൽകുന്ന ഈ കാർഡ് പണം പിൻവലിക്കുന്നതിനും, സാധനങ്ങൾ വാങ്ങുന്നതിനുമുള്ള സൗകര്യം നൽകുന്നു.

4. **കനറാ ക്ലബ്ബ് ഡെബിറ്റ് കാർഡ് :** ഇഞ്ചിനീയർസ് ക്ലബ്ബ്, മറ്റ് പേരുകേട്ട ക്ലബ്ബുകൾ തുടങ്ങിയവയുടെ അംഗങ്ങൾക്ക് അവരുടെ ക്ലബ്ബുകളുമായി ബന്ധപ്പെടുത്തി ഈ കാർഡ് നൽകുന്നതായിരിക്കും.

5. **കനറാ എലൈറ്റ് ഡെബിറ്റ് കാർഡ് :** കൂടുതൽ ഉയർന്ന ക്യാഷ് വിത്ഡ്രോവൽ പരിധികളുള്ള സമ്പന്ന വർഗ്ഗങ്ങൾക്ക് വേണ്ടി രൂപകല്പന ചെയ്തതാണ് ഈ കാർഡ്.

6. **കനറാ മൾട്ടി-കറൻസി ട്രാവൽ കാർഡ് :** ഒരൊറ്റ കാർഡിൽ തന്നെ വിവിധ കറൻസികൾ ലോഡ് ചെയ്യാൻ സൗകര്യമുള്ള ഒരു പ്രീ-പെയ്ഡ് കാർഡാണിത്. ഇത്, ഭൌതികമായ കറൻസിയ്ക്കും ട്രാവലേഴ്സ് ചെക്കിനും പകരം വെയ്ക്കാവുന്നതാണ്.

7. **കനറാ ബാങ്ക് ഡെബിറ്റ് കാർഡ് - പ്ലാറ്റിനം:** സേവിംഗ്സ് ബാങ്ക്/കറന്റ് അക്കൗണ്ട് എന്നിവയിൽ 1 ലക്ഷം രൂപയ്ക്കോ മുകളിലോ ശരാശരി ത്രൈമാസിക ബാലൻസ് ഉള്ള ഇടപാടുകാർക്കോ, കഴിഞ്ഞ 12 മാസങ്ങളിൽ മൊത്തം 50,000 രൂപയോ അതിനു മുകളിലോ ഉള്ള പർച്ചേസുകൾക്ക് വേണ്ടി കനറാ ബാങ്ക് ഡെബിറ്റ് കാർഡ് ഉപയോഗിച്ചിട്ടുള്ള നിലവിലെ കനറാ ബാങ്ക് ഡെബിറ്റ് കാർഡ്ധാരകർക്കോ ഈ കാർഡ് നൽകുന്നതായിരിക്കും.

8. **കനറാ പ്രീ-പെയ്ഡ് കാർഡ്::** കുറഞ്ഞ തുകകൾക്കുള്ള ദൈനംദിന പെയ്മെന്റ് ഇടപാടുകൾ നടത്താൻ റൊക്കം പണത്തിനു പകരമായ എളുപ്പ വഴി.

I. **<u>കനറാ ബാങ്ക് ഡെബിറ്റ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യൽ:</u>** കാർഡ് നഷ്ടപ്പെടുകയോ കളവു പോകുകയോ ചെയ്യുന്ന ദൌർഭാഗ്യകരമായ പരിസ്ഥിതിയിൽ ഡെബിറ്റ് കാർഡ് ഹോർട്ട്ലിസ്റ്റ് ചെയ്യാൻ <u>താഴെപ്പറയുന്ന ഏതെങ്കിലും മാർഗ്ഗം</u> അവലംബിക്കാവുന്നതാണ്:

   i. കനറാ ബാങ്ക് കോൾ സെന്ററിന്റെ 24/7 ടോൾ-ഫ്രീ ടെലിഫോൺ നമ്പർ : 1800 425 0018.
   ii. താങ്കളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ നിന്നും താഴെപ്പറയുന്ന പ്രകാരം 9266623333ലേക്ക് എസ്എംഎസ് അയച്ചും കനറാ ബാങ്ക് ഡെബിറ്റ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യാവുന്നതാണ്:
   iii. CAN <സ്പേസ്> HOTLISTDC < സ്പേസ് > കാർഡ് നമ്പർ (16 അക്കം). ഈ ദുർഘടസ്ഥിതി നേരിടാൻ എല്ലായ്പോഴും കാർഡ് നമ്പർ കൈവശം വെയ്ക്കുക.

II. **<u>നോൺ-പെഴ്സണലൈസ്ഡ് കാർഡിന്റെ കാലാവധി അവസാനിക്കൽ:</u>** കാർഡിന്റെ കാലാവധി അവസാനിക്കുമ്പോൾ, കാർഡ് നമ്പറും കാലാവധി അവസാനിക്കുന്ന തീയതിയും അറിയിച്ച്, പകരം പുതിയ കാർഡ് നൽകാനായി താങ്കളുടെ ശാഖയിൽ ഒരു അപേക്ഷ സമർപ്പിക്കുക. ഉടൻ തന്നെ ശാഖയിൽ വെച്ച് പിൻ മെയില്റോടൊപ്പം താങ്കൾക്ക് പുതിയ കാർഡ് നൽകുന്നതായിരിക്കും. പകരം നൽകിയ പുതിയ കാർഡ് പ്രയോഗക്ഷമമാക്കാനായി ആദ്യം ഏതെങ്കിലും കനറാ ബാങ്ക് എടിഎമ്മിൽ ആ കാർഡ് ഉപയോഗിച്ച് സാമ്പത്തികമോ, ബാലൻസ് അന്വേഷണം തുടങ്ങി സാമ്പത്തികേതരമോ ആയ ഒരു ഇടപാട് നടത്തേണ്ടതാണ്.

III. **<u>വിവാദം:</u>** ഇടപാടുകൾ ഓൺലൈനായി ഡെബിറ്റ് ചെയ്യുന്നതാകയാൽ, ഏതെങ്കിലും ഇടപാട് സംബന്ധിച്ച തർക്കം, ഇടപാട് നടന്ന തീയ്യതിയിൽ നിന്ന് 15 ദിവസങ്ങൾക്കകം കാർഡ് ഇഷ്യൂ ചെയ്ത ശാഖയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ തർക്കം പരിഹരിക്കാനായി ബാങ്ക്, ഇക്കാര്യത്തിൽ പ്രസ്തുത ഇടപാടിന്റെ അക്വയററുമായി ബന്ധപ്പെടും. അക്വയററുടെ അപേക്ഷ പ്രകാരം ഇടപാടുകാരൻ തന്റെ ക്ലെയിം സാധൂകരിക്കാനായുള്ള തെളിവ് നൽകേണ്ടതാണ്.

IV. **<u>ഭദ്രമായി സൂക്ഷിയ്ക്കൽ:</u>**

- ദയവായി താങ്കളുടെ ഡെബിറ്റ് കാർഡ് സൂക്ഷിച്ചു വെക്കുക. അത്, തെറ്റായ കൈകളിൽ എത്തിച്ചേരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഇടക്ക് താങ്കളുടെ വാലറ്റ്/പൌച്ച് പരിശോധിച്ച് കാർഡ് സുരക്ഷിതമായിരിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
- ഇടപാടുകളുടെ അലർട്ട് സന്ദേശം എസ്എംഎസ് വഴി ലഭിയ്ക്കുന്നതിനായി താങ്കളുടെ മൊബൈൽ നമ്പർ ശാഖയിൽ രജിസ്റ്റർ ചെയ്യുക.
- ഡെബിറ്റ് കാർഡ് കളഞ്ഞു പോകുകയാണെങ്കിൽ, അത് ഹോട്ട്ലിസ്റ്റ് ചെയ്യാനായി താങ്കളുടെ പേര്, കാർഡ് നമ്പർ, കാലാവധി എന്നിവ എത്രയും പെട്ടെന്ന് ടെലിഫോൺ/ഈ-മെയിൽ/ഫാക്സ് വഴിയായി താങ്കളുടെ ശാഖയെ/സ്വിച്ച്റൂമിനെ അറിയിക്കേണ്ടതാണ്.
- കാർഡിന്റെ അധികാരപ്പെടുത്താത്ത ഉപയോഗത്തിന്റെ ഫലമായി എന്തെങ്കിലും നഷ്ടം ഉണ്ടാവുകയാണെങ്കിൽ, കാർഡ് നഷ്ടപ്പെട്ടത് വിവരിച്ചുകൊണ്ട് ഉടനടി പോലീസിൽ പരാതി നൽകുക. ആ പരാതിയുടെ ഒരു കോപ്പി, ഡെബിറ്റ് കാർഡ് നഷ്ടപ്പെട്ടു എന്ന് സ്ഥിരീകരിക്കുന്ന താങ്കളുടെ വിശദമായ എഴുത്തിനോടൊപ്പം, നഷ്ടം റിപ്പോർട്ട് ചെയ്യുന്ന തീയതിയിൽ നിന്ന് ഒരാഴ്ചയ്ക്കകം ശാഖയിലേക്ക് അയച്ചിരിക്കണം. പുതിയ ഡെബിറ്റ് കാർഡ് ഇഷ്യൂ ചെയ്യാനുള്ള പുതിയ അപേക്ഷയും ശാഖയ്ക്ക് നൽകാം.
- കാർഡ് നഷ്ടപ്പെട്ട വിവരം റിപ്പോർട്ട് ചെയ്ത ശേഷം കളവു പോയ/നഷ്ടപ്പെട്ട കാർഡ് തിരിച്ചുകിട്ടിയാൽ അത് ഉപയോഗിക്കരുത്, എന്തെന്നാൽ ആ കാർഡ് അംഗീകരിക്കപ്പെടുകയില്ല. ദയവായി ആ കാർഡ് നശിപ്പിക്കുക.

V. **<u>സുപ്രധാന വിവരങ്ങൾ</u>:**

- താങ്കളുടെ കാർഡ് കൈക്കലാക്കാൻ മറ്റാരേയും അനുവദിക്കാതിരിക്കുക.
- ദയവായി കാർഡ് മടക്കുകയോ അതിൽ പോറലേല്പിക്കുകയോ ചെയ്യാതിരിക്കുക. അങ്ങനെ ചെയ്താൽ പ്രധാനമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന, കാർഡിന്റെ മറുപുറത്തുള്ള ചിപ്/മാഗ്നറ്റിക് സ്റ്റ്രിപ്പിന് ക്ഷതം സംഭവിച്ചേക്കാം.
- താങ്കളുടെ പിൻ നമ്പർ ഹൃദിസ്ഥമാക്കുകയും ഇടയ്ക്കിടെ മാറ്റുകയും ചെയ്യുക. പിൻ ഒരിടത്തും എഴുതിവെയ്ക്കാതിരിക്കുക.
- കനറാ ബാങ്കോ, ബാങ്കിന്റെ വിക്രേതാക്കളോ ഫോൺ/ഈ-മെയിൽ/എസ്എംഎസ് വഴിയോ അഥവാ മറ്റേതെങ്കിലും തരത്തിലോ താങ്കളുടെ സിവിവിയോ, പിന്നോ, ഒടിപിയോ പസ്സ് വേർഡോ ആരായുകയില്ല. ആരുമായും അത്തരം സുപ്രധാന വിവരങ്ങൾ പങ്കുവെയ്ക്കാതിരിക്കുക/വെളിപ്പെടുത്താതിരിക്കുക.
- സുരക്ഷിതമായ ഓൺലൈൻ ഇടപാടുകൾ ഉറപ്പും വരുത്തുന്നതിനായി ദയവായി www.canarabank.com എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഇന്റർനെറ്റിൽ വെരിഫൈഡ്-ബൈ-വിസ/പേസെക്യൂർ (രുപെയ് കാർഡുകൾക്ക്) എന്നിവയിൽ രജിസ്റ്റർ ചെയ്യുക. അവിടെ പിന്നീടുള്ള ഇന്റർനെറ്റ് ഇടപാടുകൾക്കായി ഉപയോഗിക്കാനാവുന്ന ഇഷ്ടപ്പെട്ട പാസ്സ് വേർഡ് കീ-ഇൻ ചെയ്യാൻ ആവശ്യപ്പെടുന്നതായിരിക്കും.
- മറ്റ് ബാങ്കുകളുടെ എടിഎമ്മിൽ നിന്ന് പിൻവലിക്കാവുന്ന ക്യാഷിന്റെ പരിധി 10,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.
- കാർഡ് ഉപയോഗിക്കുമ്പോൾ, ഏതെങ്കിലും അപരിചിതനിൽ നിന്ന് ഒരിക്കലും സഹായം സ്വീകരിക്കാതിരിക്കുക.

## <u>നിക്ഷേപങ്ങളിന്മേൽ ഏറ്റവും പുതിയ പലിശ നിരക്കുകൾ സംബന്ധിച്ച വിവരം</u>

കനറാ ബാങ്ക് പലിശ നിരക്ക് പുതുക്കിയിരിക്കുന്നു, ചില കാലാവധികളിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് പലിശ നിരക്ക് വർദ്ധിച്ചിട്ടുണ്ട് .

**എൻ ആർ ഇ സാവധി നിക്ഷേപങ്ങളുടെ പലിശനിരക്ക് (09.08.201 മുതൽ) :**

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശ നിരക്ക്* | |
|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* |
| സ്ലാബ്-1 | 1 വർഷം മാത്രം | 5.10 | 3.65 |
| സ്ലാബ്-2 | 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽ താഴെ | 5.10 | 3.65 |
| സ്ലാബ്-3 | 2 വർഷത്തിനു മുകളിൽ 3 വർഷത്തിൽ താഴെ | 5.10 | 3.65 |
| സ്ലാബ്-4 | 3 വർഷത്തിനു മുകളിൽ 5 വർഷത്തിൽ താഴെ | 5.25 | 3.40 |
| സ്ലാബ്-5 | 5 വർഷവും മുകളിലും10 വർഷത്തിൽ താഴെ | 5.25 | 3.40 |

**ഗാർഹിക/എൻ ആർ ഒ സാവധി നിക്ഷേപങ്ങളുടെ പലിശനിരക്ക് (09.08.201 മുതൽ):**

| സ്ലാബ് | നിക്ഷേപ കാലാവധി | പലിശ നിരക്ക്* | | | |
|---|---|---|---|---|---|
| | | *2 കോടി രൂപയിൽ താഴെ* | | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* | |
| | | പൊതു ജനങ്ങൾ | മുതിർന്ന പൌരന്മാർ | കോളബിൾ | നോൺ-കോളബിൾ ++ |
| സ്ലാബ്-1 | 7 ദിവസം മുതൽ 45 ദിവസം വരെ | 2.90 | 2.90 | 2.90 | ബാധകമല്ല |
| സ്ലാബ്-2 | 46 ദിവസം മുതൽ 90 ദിവസം വരെ | 3.90 | 3.90 | 3.10 | 3.0 |
| സ്ലാബ്-3 | 91 ദിവസം മുതൽ 179 ദിവസം വരെ | 3.95 | 3.95 | 3.25 | 3.25 |
| സ്ലാബ്-4 | 180 ദിവസം മുതൽ 1 വർഷത്തിൽ താഴെ | 4.40 | 4.90 | 3.25 | 3.25 |
| സ്ലാബ്-5 | 1 വർഷം മാത്രം | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-6 | 1 വർഷത്തിന മുകളിൽ 2 വർഷത്തിൽ താഴെ | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-7 | 2 വർഷവും അതിന മുകളിലും 3 വർഷത്തിൽ താഴെ | 5.10 | 5.60 | 3.65 | 3.65 |
| സ്ലാബ്-8 | 3 വർഷവും അതിന മുകളിലും 5 വർഷത്തിൽ താഴെ | 5.25 | 5.75 | 3.40 | 3.40 |
| യുണീക്ക് | കനറാ യുണീക്ക് “1111 ദിവസം” | 5.35 | 5.85 | ബാധകമല്ല | ബാധകമല്ല |
| സ്ലാബ്-9 | 5 വർഷവും അതിന മുകളിലും 10 വർഷത്തിൽ താഴെ | 5.25 | 5.75 | 3.40 | ക്വോട്ട് ഇല്ല |

അടുത്ത കാലത്ത് യു എസ് ഡോളർ അപേക്ഷിച്ച് രൂപയുടെ മൂല്യത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. നിക്ഷേപങ്ങൾ വിദേശ കറൻസികളിൽ വെയ്ക്കുകയാണെങ്കിൽ അത് ലാഭകരമായേക്കാം.

**07.09.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശ നിരക്ക്:**

(% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിന മുകളിലും എന്നാൽ 2 വർഷത്തിൽ | 0.82 | 0.63 | പൂജ്യം | 0.98 | 0.50 |
| 2 വർഷവും അതിന മുകളിലും എന്നാൽ 3 വർഷത്തിൽ | 0.96 | 0.88 | പൂജ്യം | 1.21 | 0.65 |
| 3 വർഷവും അതിന മുകളിലും എന്നാൽ 4 വർഷത്തിൽ | 1.19 | 0.98 | പൂജ്യം | 1.43 | 0.85 |
| 4 വർഷവും അതിന മുകളിലും എന്നാൽ 5 വർഷത്തിൽ | 1.37 | 1.04 | 0.01 | 1.59 | 1.05 |
| 5 വർഷം മാത്രം | 1.52 | 1.09 | 0.06 | 1.69 | 1.22 |

**07.09.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) ആർ എഫ് സി സാവധി നിക്ഷേപങ്ങളിന്മേലും ആർ എഫ് സി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങളിന്മേലുമുള്ള പലിശ നിരക്ക് താഴെപ്പറയുന്നു:**

(% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| സേവിംഗ്സ് ബാങ്ക് | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 1 ആഴ്ചയും അതിനു മുകളിലും എന്നാൽ 3 മാസത്തിൽ താഴെ | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം | പൂജ്യം |
| 3 മാസവും അതിനു മുകളിലും എന്നാൽ 6 മാസത്തിൽ താഴെ | 0.09 | പൂജ്യം | പൂജ്യം | 0.02 | പൂജ്യം |
| 6 മാസവും അതിനു മുകളിലും എന്നാൽ 1 വർഷത്തിൽ താഴെ | പൂജ്യം | പൂജ്യം | 0.03 | പൂജ്യം | പൂജ്യം |
| 1 വർഷവും അതിനു മുകളിലും എന്നാൽ 2 വർഷത്തിൽ താഴെ | 0.82 | 0.63 | പൂജ്യം | 0.98 | 0.50 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 0.96 | 0.88 | പൂജ്യം | 1.21 | 0.65 |
| 3 വർഷം മാത്രം | 1.19 | 0.98 | പൂജ്യം | 1.43 | 0.85 |

## ചില സുപ്രധാന കാര്യങ്ങൾ:

എൻആർഇ സാവധി നിക്ഷേപങ്ങളുടെ കാലാവധി , നിക്ഷേപം നിലനിൽക്കേ തന്നെ ബാക്കി നിൽക്കുന്ന കാലാവധിയേക്കാൾ കൂടുതൽ ദൈർഘ്യമുള്ള കാലാവധിയിലേക്ക് നീട്ടാവുന്നതാണ്.

പ്രവാസി എന്ന നില സമയാസ മയങ്ങളിൽ സ്ഥിരീകരിക്കേണ്ടതായിട്ടുള്ളതുകൊണ്ട് എൻആർഇ നിക്ഷേപം ഒരു തവണ മാത്രമേ സ്വയം പുതുക്കാനാവുകയുള്ളൂ. (ഓട്ടോ റിന്യൂവൽ)

കാലാവധി കഴിഞ്ഞ നിക്ഷേപങ്ങളിന്മേൽ, കാലാവധി കഴിഞ്ഞ തീയതി മുതൽ പെയ്മെന്റ് ചെയ്യുന്ന/വീണ്ടും നിക്ഷേപിക്കുന്ന തീയതി വരെ സേവിംഗ്സ് ബാങ്ക് നിരക്കിൽ പലിശ നൽകുന്നതാണ്.

12.03.2019നോ അതിനു ശേഷമോ നിക്ഷേപിച്ചതോ/പുതുക്കിയതോ ആയ 2 കോടി രൂപയോ അതിനു മുകളിലുള്ളതോ ആയ എൻആർഇ നിക്ഷേപങ്ങളുടെ കാലാവധി പൂർത്തിയാക്കും മുമ്പുള്ള പിൻവലിയ്ക്കൽ/ഭാഗികമായ പിൻവലിയ്ക്കൽ/കാലാവധി പൂർത്തിയാകുന്നതിനു മുമ്പുള്ള പുതുക്കൽ എന്നിവയ്ക്ക് പിഴ ഈടാക്കുന്നതല്ല.

**താങ്കളുടെ സാമ്പത്തിക ആവശ്യങ്ങൾ പൂർത്തിയാക്കാനുള്ള ഒരൊറ്റ സമ്പർക്ക ബിന്ദു എന്ന നിലയ്ക്ക് ഞങ്ങൾ സേവനങ്ങളുടെ ഒരു വലിയ നിര തന്നെ ലഭ്യമാക്കിയിരിക്കുന്നു. പണം നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ/ഇൻഷൂറൻസ്/മ്യൂച്വൽ ഫണ്ട് പദ്ധതികൾ തുടങ്ങിയവയ്ക്കായി താഴെക്കൊടുത്തിരിക്കുന്ന ലിങ്കുകൾ ഉപയോഗപ്പെടുത്തുക:**

**ലൈഫ് ഇൻഷൂറൻസ്:**https://canarabank.com/insurance/index.html
**ഹെൽത്ത് ഇൻഷൂറൻസ്:**https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=45
**ജനറൽ ഇൻഷൂറൻസ്:**https://canarabank.com/User_page.aspx?menulevel=1&menuid=3&CatID=44
**മ്യൂച്വൽ ഫണ്ടുകൾ:**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=4
**ഡിപ്പോസിറ്ററി സേവനങ്ങൾ:**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=20
**റെമിറ്റൻസ് സൗകര്യങ്ങൾ:**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=22
**നിക്ഷേപ സൗകര്യങ്ങൾ :**https://canarabank.com/User_page.aspx?menulevel=1&menuid=2&CatID=23

canarabank    CanaraBankOfficial    canarabank    canarabankinsta